മുഖ്യമന്ത്രിയും അതിന് മറുപടി പറഞ്ഞിരുന്നു. ഗ്യാസ് പൈപ്പ്ലൈൻ പോകുന്നത് ജനസാന്ദ്രതയുള്ള പ്രദേശത്തുകൂടിയാണെങ്കിൽ അതിന് വളരെ ബുദ്ധിമുട്ടുണ്ട്. ജനസാന്ദ്രതയുള്ള പ്രദേശം ഒഴിവാക്കി ആൾട്ടർനേറ്റീവായി കൊണ്ടുപോകുന്ന കാര്യമാണ് ഇപ്പോൾ ഗവൺമെന്റ് ആലോചിച്ചുകൊണ്ടിരിക്കുന്നത്. അനാവശ്യമായ ആശങ്ക ആവശ്യമില്ല. അതിനെപ്പറ്റി ബോധവത്ക്കരണം വേണമെന്ന് നമ്മൾ ഇവിടെ ചർച്ച ചെയ്തു. ജനസാന്ദ്രതയുള്ള പ്രദേശങ്ങൾ ഒഴിവാക്കാൻ വേണ്ടിയുള്ള നടപടി ഗവൺമെന്റ് ആലോചിക്കുന്നതാണ്.

### 3. സിഗററ്റ്, പുകയില ഉൽപ്പന്നങ്ങളുടെ നികുതി വർദ്ധിപ്പിക്കലും ബോധവൽക്കരണവും

ശ്രീ. പി. സി. വിഷ്ണുനാഥ് : സർ, സംസ്ഥാനത്ത് പുകയില ഉൽപ്പന്നങ്ങളുടെ നികുതി വർദ്ധിപ്പിക്കണമെന്നാണ് സബ്മിഷനിൽകൂടി ആവശ്യപ്പെടുന്നത്. ആർ.സി.സി.യിലെ പുതിയ പഠനം അനുസരിച്ച് 45 ശതമാനത്തിലധികം കേസുകൾ ആർ.സി.സി.യിൽ വരുന്നത് പുകയില ഉപയോഗിക്കുന്ന ആളുകളിലാണ്. അത് വലിയ ഒരു സാമൂഹ്യവിപത്തായി മാറുകയാണ്. ഞാൻ അതിന്റെ വിശദാംശങ്ങളിലേക്ക് കടക്കുന്നില്ല. രാജസ്ഥാൻ 65 ശതമാനമാണ് പുകയില ഉത്പന്നങ്ങൾക്ക് നികുതി വർദ്ധിപ്പിച്ചിരിക്കുന്നത്. നമ്മുടെ സംസ്ഥാനം 12.5 ശതമാനത്തിൽനിന്നും 15 ശതമാനമായി നികുതി വർദ്ധിപ്പിച്ചു. അതുവഴി നൂറ് കോടി രൂപയാണ് അധികവരുമാനമായി ലഭിച്ചത്. സിഗററ്റിന്റെ ഉപയോഗം കുറഞ്ഞുവെന്നാണ് നമ്മൾ കരുതിയിരിക്കുന്നത്. രണ്ടര ശതമാനം നികുതി വർദ്ധിപ്പിച്ചപ്പോൾ 100 കോടി രൂപ റവന്യൂ വരുമാനം അധികം ലഭിച്ചുവെന്നതിനർത്ഥം അതിന്റെ ഉപയോഗം അത്രയധികമുണ്ടെന്നാണ്. രാജസ്ഥാനിൽ ഏതാണ്ട് 900 കോടി രൂപയ്ക്കടുത്ത് പുകയില ഉത്പ്പന്നങ്ങളിൽ നിന്നുള്ള നികുതി അവർക്ക് ലഭിക്കുന്നുണ്ട്. ടാക്സ് വർദ്ധിപ്പിച്ച് കൺസംപ്ഷൻ കുറച്ചുകൊണ്ടു മാത്രമേ ഇതുമൂലമുണ്ടാകുന്ന സാമൂഹ്യ വിപത്ത് പ്രധാനമായും ക്യാൻസർ രോഗം നിയന്ത്രിക്കാൻ കഴിയൂ. 35-ഉം 60-നും വയസ്സിനിടയിൽ പ്രായമുള്ളവർ പുകയില ഉത്പ്പന്നങ്ങൾ ഉപയോഗിക്കുന്നതിന്റെ സാമ്പത്തിക ചെലവ് 1,514 കോടി രൂപയാണെന്ന് ശാസ്ത്രീയമായ പഠനത്തിലൂടെ കണ്ടെത്തിയിട്ടുണ്ട്. 1,514 കോടി രൂപയാണ് ജനങ്ങൾക്കുണ്ടാകുന്ന സാമ്പത്തിക ചെലവ്. ടാക്സ് വർദ്ധിപ്പിച്ചാൽ 1,000 കോടി രൂപയ്ക്കടുത്ത് നമുക്ക് ലഭിക്കുന്ന സാഹചര്യം. സംസ്ഥാനത്ത് സാമ്പത്തിക പ്രതിസന്ധിയുള്ളപ്പോൾ നമുക്ക് വരുമാനം വർദ്ധിപ്പിക്കാനുള്ള അവസരമെന്നുമാത്രമല്ല ടാക്സ് വർദ്ധിപ്പിച്ച് കൺസംഷൻ കുറയ്ക്കാൻ കഴിയുന്ന ഒരു അവസരമാണ്. പുകയില ഉൽപ്പന്നങ്ങളുടെ ഉപയോഗം കൊണ്ട് ക്യാൻസർ ബാധിതരായവർ നിയമസഭയിൽ വന്ന് സ്പീക്കർ ജി. കാർത്തികേയൻ അവർകളെ നേരിട്ട് കണ്ട് ഈ ആവശ്യം ഉന്നയിച്ച സാഹചര്യമുണ്ട്. യു.പി., രാജസ്ഥാൻ പോലുള്ള സംസ്ഥാനങ്ങളുടെ മാതൃക സ്വീകരിച്ചുകൊണ്ട് പുകയില ഉൽപ്പന്നങ്ങൾക്ക് 50 ശതമാനമെങ്കിലും ടാക്സ് വർദ്ധിപ്പിക്കണമെന്നാണ് സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ.എം. മാണി) : സർ, സംസ്ഥാനത്തെ സിഗററ്റ്, പുകയില ഉൽപ്പന്നങ്ങളുടെ നികുതി വർദ്ധിപ്പിച്ച് ബോധവൽക്കരണം നടത്തേണ്ട ആവശ്യകതയിലേക്കാണ് ബഹുമാനപ്പെട്ട മെമ്പർ സതീശൻ ഉന്നയിച്ചത്. പുകയില ഉൽപ്പന്നമായ പാൻമസാല ഇപ്പോൾതന്നെ സംസ്ഥാനത്ത് നിരോധിച്ചിട്ടുണ്ട്. സിഗററ്റിന്റെ ഉപയോഗം കുറയ്ക്കുന്നതിനായി അതിന്റെ നികുതി 22 ശതമാനമായി ഉയർത്തിയിട്ടുണ്ട്. ഇത് അയൽ സംസ്ഥാനങ്ങളിലെ നികുതിയുമായി താരതമ്യം ചെയ്തിട്ടാണ് ഉയർത്തിയിട്ടുള്ളത്. അയൽ സംസ്ഥാനങ്ങളെക്കാൾ ഉയർന്ന നിരക്കിൽ ഇനിയും നികുതി ചുമത്തുകയാണെങ്കിൽ ഇത്തരം ഉൽപ്പന്നങ്ങളുടെ വ്യാപാരം അസംഘടിത മേഖലയിലേക്ക് മാറുന്നതിനും കള്ളക്കടത്ത് മുതലായ അനാരോഗ്യ പ്രവണതകൾ വർദ്ധിപ്പിക്കാനുള്ള സാഹചര്യമുണ്ടാവുകയും ചെയ്യും. അങ്ങനെ വന്നാൽ നികുതി നഷ്ടമാകുമെന്ന് മാത്രമല്ല ഉപഭോഗത്തിൽ പ്രതീക്ഷിക്കുന്ന കുറവുണ്ടാവുകയുമില്ല. എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ നിലവിൽ നടത്തിവരുന്ന ലഹരി വിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങളിൽ സിഗററ്റ്, പുകയില ഉൽപ്പന്നങ്ങൾക്കെതിരായ ആശയങ്ങൾ ഉൾപ്പെടുത്തി ഫലപ്രദമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്.

### 4. കെ.എൽ.ഡി. ബോർഡിന്റെ പ്രവർത്തനവും ഹൈടെക് ഫാമും

ശ്രീമതി ഇ. എസ്. ബിജിമോൾ : സർ, പീരുമേട് നിയോജകമണ്ഡലത്തിലുൾപ്പെട്ട കോലാഹലമേട് ഹൈടെക് ഡയറി ഫാമിലെ അഴിമതിയും കെടുകാര്യസ്ഥതയും അവസാനിപ്പിക്കുന്നതിന് സർക്കാർ ഇടപെടൽ അനിവാര്യമാണ്. ഹൈടെക് ഡയറി ഫാമിന്റെ ഹേസ്റ്റാർ നിർമ്മാണത്തിലുണ്ടായ ക്രമക്കേടുകളെക്കുറിച്ച് അന്വേഷിക്കുന്നതിന് തിരുവനന്തപുരം ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിനെ ചുമതലപ്പെടുത്തുകയും കോളേജ് അധികൃതർ അന്വേഷണംനടത്തി സൂപ്പർവൈസർ, സ്പെഷ്യൽ ഓഫീസർ എന്നിവർക്കെതിരെ നടപടിയെടുക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു. ഈ സ്പെഷ്യൽ ഓഫീസറെയാണ് ഇപ്പോൾ കെ.എൽ.ഡി. ബോർഡിന്റെ എം.ഡി.-യായി നിയമിച്ചിട്ടുള്ളത്. ഈ എം.ഡി. ഒരു എഞ്ചിനീയർക്കെതിരെ നടപടിക്ക് ശുപാർശ നൽകുകയും പിന്നീട് ആ നടപടി മരവിപ്പിക്കുകയും ചെയ്തു. കെ.എൽ.ഡി. ബോർഡ്, ബ്ലാക്ക് ലിസ്റ്റ് ചെയ്തിട്ടുള്ള കോൺട്രാക്ടർക്ക് 13%-ന് മുകളിൽ മാട്ടുപ്പെട്ടി ഫാമിൽ വർക്ക് കൊടുക്കുന്ന ഒരു സാഹചര്യമുണ്ടായി. 13-ാം ധനകാര്യ കമ്മീഷൻ അനുവദിച്ച തുക, സംസ്ഥാന സർക്കാരിന്റെ വിഹിതം, ആർ.കെ.വി.വൈ.പദ്ധതി വിഹിതം എന്നീ മൂന്ന് ഫണ്ടിൽ നിന്ന് 2013-2014 കാലയളവിൽ ഒരേ ആവശ്യത്തിന് തുക ചെലവഴിച്ചതായി കാണിക്കുന്നുണ്ട്. 5 ലക്ഷം, 2 ലക്ഷം, 50,000 രൂപ തുടങ്ങിയ തുകകളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ മാത്രമാണ് ഇപ്പോൾ അവിടെ നടന്നുകൊണ്ടിരിക്കുന്നത്. മേജർ വർക്കുകൾ ഒന്നും തന്നെയുണ്ടാകുന്നില്ല. ഉൽപ്പാദനക്ഷമതയില്ലാത്ത ചാവാലി പശുക്കളെയാണ്

LIBRARY ARCHIVES Kerala Legislative Assembly